പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം: * 114

20/03/2012-ൽ മറുപടി
നല്കേണ്ടത്

മൂന്നാർ ട്രിബ്യൂണൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി. വിജയദാസ്<br>ശ്രീ. കെ.കെ.ജയചന്ദ്രൻ<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. കെ. സുരേഷ് കുറുപ്പ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) മൂന്നാർ ട്രിബ്യൂണൽ എന്നാണ് നിലവിൽ വന്നത്; അതിന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ വില യിരുത്തിയിട്ടുണ്ടോ; | (എ) 2010ലെ മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ആക്റ്റ് (ആക്റ്റ് 13) പ്രകാരം 14/06/2010ൽ പ്രാബല്യത്തിൽ വന്ന മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണൽ 2011 ഫെബ്രുവരി 16 ാം തീയതി പ്രവർത്തനം ആരംഭിച്ചു. വിവിധ കോടതികളിൽ നിന്നും 121ഉം, ലാന്റ് റവന്യൂ കമ്മീഷണർ ആഫീസിൽ നിന്ന് 2 കേസുകളും ദേവികുളം റവന്യൂ ഡിവിഷണൽ ആഫീസിൽ നിന്ന് 1 കേസും ചേർത്ത് ഒട്ടാകെ 124 കേസുകൾ ട്രൈബ്യൂണൽ മുമ്പാകെ ലഭിച്ചിട്ടുണ്ട്. ആയതിൽ 13 എണ്ണം തീർപ്പാക്കിയിട്ടുണ്ട്. |
| (ബി) റവന്യൂ വകുപ്പിന്റെ സഹകരണം ഇല്ലാത്തതിനാൽ ട്രിബ്യൂണലിന്റെ പ്രവർത്തനങ്ങൾക്ക് തടസ്സം സംഭവിച്ചിട്ടുള്ളതായി ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇല്ല. റവന്യൂവകുപ്പിന്റെ പൂർണ്ണ സഹകരണം ട്രിബ്യൂണലിന് ഉറപ്പാക്കുകയും റവന്യൂവകുപ്പിൽ നിന്നും നല്കേണ്ട ജീവനക്കാരെ നല്കുകയും ചെയ്തിട്ടുണ്ട്. |
| (സി) കയ്യേറ്റക്കാരും വ്യാജപട്ടയ ക്കാരും രക്ഷപ്പെടുന്ന ഒരു അവസ്ഥ വന്നിട്ടുണ്ടോ എന്ന കാര്യം പരിശോധി ച്ചിട്ടുണ്ടോ? | (സി) കയ്യേറ്റക്കാരും വ്യാജപട്ടയക്കാരും രക്ഷപ്പെടുന്ന ഒരു അവസ്ഥ നിലനില്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ